## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 37    07.01.2014-ൽ മറുപടിക്ക്

### കെ.എസ്.ആർ.ടി.സി. നിരക്കു വർദ്ധന

**ചോദ്യം**

ശ്രീ. എ. എ. അസീസ് :
" കോവൂർ കുഞ്ഞുമോൻ :

**ഉത്തരം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി നിരക്കു വർദ്ധന സംബന്ധിച്ച പഠനത്തിന് ഏതെങ്കിലും കമ്മീഷനെ ചുമതല പ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ കമ്മീ ഷൻ നിർദ്ദേശങ്ങൾ സമർപ്പി ച്ചിട്ടുണ്ടോ; | (എ) | കെ.എസ്.ആർ.ടി.സി.യുടെ നിരക്ക് വർദ്ധനവ് സംബന്ധിച്ച പഠനത്തിന് പ്രത്യേകിച്ച് ഒരു കമ്മീഷനെ നിയമിച്ചിട്ടില്ല. എന്നാൽ ബസ് ചാർജ് വർദ്ധനവ് ഉൾപ്പെടെയുള്ള ഗതാഗത മേഖലയിലെ വിവിധ വിഷയ ങ്ങളിൽ പഠനം നടത്തി കാലാകാലങ്ങളിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ജസ്റ്റിസ്. എം. രാമചന്ദ്രൻ അദ്ധ്യക്ഷനായിട്ടുള്ള ഒരു കമ്മിറ്റിയെ സർക്കാർ ചുമതലപ്പെടുത്തി യിട്ടുണ്ട്. സംസ്ഥാനത്ത് ബസ് ചാർജ് വർദ്ധിപ്പിക്കുന്നതിനുള്ള ശുപാർശകൾ ഉൾക്കൊള്ളിച്ചുകൊണ്ട് പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാ ണെന്ന് വ്യക്തമാക്കാമോ; | (ബി) | നിലവിലുള്ള കിലോമീറ്റർ ചാർജും മിനിമം ചാർജും വിദ്യാർത്ഥികളുടെ കൺസഷൻ നിരക്കുകളും വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളാണ് റിപ്പോർട്ടിൽ പ്രധാന മായും ഉള്ളത്. |
| (സി) | ഏതെല്ലാം നിർദ്ദേശങ്ങൾ നടപ്പിലാ ക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | ജസ്റ്റിസ്. രാമചന്ദ്രൻ കമ്മിറ്റിയുടെ റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ